**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1619** | | **05.02.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **സാമൂഹിക ക്ഷേമപെൻഷന് അർഹതയുള്ളവർ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എ.പി. അനിൽ കുമാർ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് നിലവിൽ സാമൂഹിക ക്ഷേമപെൻഷന് അർഹതയുള്ളവർ എത്ര പേരാണ്; അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ ക്ഷേമ പെൻഷന് അർഹതയുള്ളവർ 4501637 പേരാണ് |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി സാമൂഹിക ക്ഷേമപെൻഷൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ 1025992 പേർക്ക് പുതിയതായി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| (സി) | അർഹതയില്ലാത്തവർ സാമൂഹികക്ഷേമ പെൻഷൻ വാങ്ങുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലെ സർക്കാർ വന്നതിനുശേഷം എത്ര പേരെ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കി; ഇപ്രകാരം ഒഴിവാക്കിയവരിൽ എത്രപേർക്ക് പുന:പരിശോധനയുടെ അടിസ്ഥാനത്തിൽ വീണ്ടും പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | വാഹന രജിസ്ട്രേഷൻ വിവരങ്ങളുടെയും മരണ രജിസ്ട്രേഷൻ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അനർഹരായി കണ്ടെത്തിയ 66637 പേരുടെ പെൻഷൻ താൽക്കാലികമായി തടഞ്ഞിരുന്നു. പ്രസ്തുത വിവരങ്ങളിൽ തെറ്റുകൾ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയതിൽ ആയത് പരിശോധിച്ച് പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് എല്ലാ പ്രാദേശിക സർക്കാരുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം 51195 പേരുടെ പെൻഷൻ പുനഃസ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ